# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വനപരിപാലന - ഭൗമവിവര സാങ്കേതിക സംവിധാനം

6325

ശ്രീ. വര്‍ക്കല കഹാര്‍
,, കെ. മുരളീധരന്‍
,, വി. ഡി. സതീശന്‍
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനപരിപാലന വിവര സംവിധാനം, ഭൗമവിവര സാങ്കേതിക സംവിധാനം എന്നിവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നു വെളിപ്പെടുത്തുമോ;

(ബി) അതിനായി കണ്‍സള്‍ട്ടന്‍സികളെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതിന് ആധുനിക സാങ്കേതിക വിദ്യകള്‍ പ്രയോജനപ്പെടുത്തുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനഗവേഷണ പദ്ധതികൾ</u>

6326 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വികസന ഫണ്ട് ഉപയോഗിച്ച് ഗവേഷണങ്ങൾ വന സംരക്ഷണത്തിനോ മറ്റു വികസന പദ്ധതികൾക്കോ ഗുണം ചെയ്തില്ലെന്ന് കാണിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ;

(സി) ഏതെല്ലാം ഗവേഷണ പ്രബന്ധങ്ങളാണ് അപ്രകാരം ഉപകാരപ്പെടാതെ പോയതെന്നും അതു സമർപ്പിച്ചവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) 2004-2011 കാലയളവിൽ ഇത്തരം ഗവേഷണങ്ങൾക്കായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ഗുണപ്രദങ്ങളായ ഗവേഷണ പദ്ധതികൾക്കു മാത്രം ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഭൗമ വിവര സാങ്കേതിക വിദ്യയോടുകൂടിയ വനപരിപാലനം

6327 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണ പദ്ധതി ആരംഭിച്ചിതെന്നാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വനംവകുപ്പ് വനപരിപാലന വിവര സാങ്കേതിക സമ്പ്രദായം വികസിപ്പിച്ചെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഭൗമ വിവര സാങ്കേതിക വിദ്യയോടുകൂടിയ വനപരിപാലന സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

പൊതുസ്ഥലങ്ങളിൽ നിന്നും മരം മുറിച്ചുമാറ്റുന്നതിന് അനുമതി

6328 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പൊതുസ്ഥലങ്ങളിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും വാല്യുവേഷൻ ലഭിക്കാൻ കാലതാമസം ഉണ്ടാകാറുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

ദീർഘായുസുള്ള മരങ്ങളുടെ പരിപാലനം

6329 ശ്രീ. ബെന്നി ബെഹനാൻ
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് ;

(ബി) ദീർഘകാലം നിലനിൽക്കുന്ന വൻവൃക്ഷങ്ങളുടെ തൈകൾ നട്ട് പരിപാലിക്കുന്നതിന് നടപടി എടുക്കുമോ ;

(സി) വന്മരങ്ങൾ ഇല്ലാത്ത സ്ഥലത്ത് വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും പരിപാലിപ്പിക്കുന്നതിനും നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

സാമൂഹ്യവനവല്‍ക്കരണ പരിപാടിയുടെ പ്രയോജനം

6330 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യ വനവല്‍ക്കരണ പരിപാടിയിലൂടെ എന്തൊക്കെ പ്രവര്‍ത്തനങ്ങളാണ് ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പരിപാടിയ്ക്കായി വിദേശ സഹായം ലഭിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(സി) സാമൂഹ്യ വനവല്‍ക്കരണ പരിപാടിയിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>വൃക്ഷതൈത്തൈ വിതരണം</u>

6331 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ സാമൂഹ്യ വനവൽക്കരണവിഭാഗം എത്ര വൃക്ഷതൈത്തൈകൾ ഉത്പാദിപ്പിച്ചുവെന്നും അത് ഏതൊക്കെ പദ്ധതികൾക്ക് വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) തൈകൾ ഉത്പാദിപ്പിച്ചതിനും വിതരണത്തിനുമായി എത്ര തുകവീതം ഓരോ റേഞ്ചിലും ചെലവഴിച്ചിട്ടുണ്ട് ;

(സി) തൈകൾ ഉത്പാദിപ്പിച്ചതിനും വിതരണം നടത്തിയതിനുമായി ചെലവായ തുക മുഴുവൻ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഓരോ റേഞ്ചിലും എത്ര തുകവീതം നൽകാനുണ്ടെന്നുള്ള വിവരം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത തുക നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യവനവത്ക്കരണവും വൃക്ഷത്തൈ വിതരണവും</u>

6332 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്ക്കരണ പദ്ധതി നടപ്പിലാക്കുന്നത് എത് ഏജൻസിയാണ് ; ഇതിനായി എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത് ;

(ബി) വഴിയോരങ്ങളിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ് ; ഇതിന്റെ തുടർ പരിപാലനം ആരുടെ മേൽനോട്ടത്തിലാണ് ; വിശദമാക്കുമോ ;

(സി) വനം വകുപ്പ് സൗജന്യമായി ഔഷധസസ്യങ്ങളോ വൃക്ഷത്തൈകളോ വിതരണം നടത്തുന്നുണ്ടോ ; എങ്കിൽ എവിടെ നിന്നെല്ലാമാണ് ഇവ ലഭ്യമാകുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഹരിത തീരം പദ്ധതി</u>

6333 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഹരിതതീരം പദ്ധതി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കടൽതീരം സംരക്ഷിക്കുന്നതരത്തിലുള്ള പദ്ധതിയായി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

പാതയോരങ്ങളിലെ ഫലവൃക്ഷ പരിപാലനം

6334 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാതയോരങ്ങളിലെ ഫലവൃക്ഷങ്ങളുടെ പരിപാലനത്തിനായി എന്തെല്ലാം സഹായങ്ങൾ ചെയ്തുവരുന്നുവെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കാവുകളുടെ സംരക്ഷണം</u>

6335 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ കാവുകളുടെ സംരക്ഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വന ആശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് നടപടി</u>

6336 ഡോ.എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വന ആശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വ്യാവസായിക വന വിഭവങ്ങളുടെ തറവില

6337 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യത്തിനുള്ള വനവിഭവങ്ങൾക്ക് തറവില നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വിഭവങ്ങൾക്ക് തറവില നിശ്ചയിച്ചിട്ടുണ്ടെന്നും ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള വില എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) അതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനവിഭവങ്ങളുടെ ശേഖരണവും വിപണനവും</u>

6338 ശ്രീ. മഞ്ഞളാംകുഴി അലി
,, സി. മോയിൻകുട്ടി
,, കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങളുടെ ശേഖരണം, വിപണനം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഏതൊക്കെ വനവിഭവങ്ങളാണ് ശേഖരിച്ച് വിപണനം നടത്തുന്നതെന്ന് വിശദമാക്കുമോ;

(സി) വനത്തിൽ നിന്നുള്ള തടി ശേഖരണം ഇപ്പോൾ സ്വകാര്യ വ്യക്തികളെയോ സ്ഥാപനങ്ങൾളെയോ ഏല്പിക്കാറുണ്ടോ; എങ്കിൽ വ്യവസ്ഥകൾ വിശദമാക്കാമോ;

(ഡി) വനവിഭവങ്ങളുടെ വിപണനത്തിലൂടെ 2009-2010, 2010-2011 വർഷങ്ങളിൽ എന്ത് തുക ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനവിഭവങ്ങളുടെ വിപണനം</u>

6339 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുണ്ടോ എന്നും അവയുടെ വില നിശ്ചയിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ;

(ബി) വനവിഭവങ്ങളുടെ ശേഖരണം, വിൽപ്പന എന്നിവ സംബന്ധിച്ച് എന്തെങ്കിലും നിയമവ്യവസ്ഥകളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടോ;

(സി) എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനം വകുപ്പു ആസ്ഥാനകാര്യാലയ ജീവനക്കാർ</u>

6340 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആസ്ഥാന ഓഫീസിൽ ഗാർഡ്, ഫോറസ്റ്റർ, ഡെപ്യൂട്ടി റെയിഞ്ചർ എന്നീ തസ്തികകളിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്നു വ്യക്തമാക്കാമോ ;

(ബി) അവർ ആരെല്ലാമാണെന്നും എത്ര കാലമായി പ്രസ്തുത കാര്യാലയത്തിൽ ജോലി ചെയ്യുന്നുവെന്നും വെളിപ്പെടുത്താമോ ;

(സി) ഇവർക്ക് പ്രസ്തുത ഓഫീസിൽ എന്തൊക്കെ ജോലികളാണ് നല്കിയിട്ടുള്ളത് ;

(ഡി) പ്രസ്തുത ജീവനക്കാർ ആരെങ്കിലും ടെറിട്ടോറിയൽ വിഭാഗത്തിൽ മുമ്പ് ജോലി നോക്കിയിട്ടുണ്ടോ ; എങ്കിൽ ആരെല്ലാമാണെന്നും എവിടെയെക്കെ എത്രകാലം എന്നുമുള്ള വിശദവിവരം വെളിപ്പെടുത്താമോ ;

(ഇ) വനം സംരക്ഷണാർത്ഥം പ്രസ്തുത ജീവനക്കാരെ ഫീൽഡിലേക്ക് അയക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഫോറസ്റ്റ് ഗാർഡുമാരുടെ ഒഴിവുകൾ</u>

6341 ഡോ. എൻ. ജയരാജ്
ശ്രീ. സി.എഫ്. തോമസ്
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ ഫോറസ്റ്റ് ഗാർഡുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഫോറസ്റ്റ് റെയിഞ്ചാഫീസർമാരുടെ നിയമനം</u>

6342 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരുടെ നിയമനരീതി പരിഷ്കരിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ ;

(ബി) ഏത് ചട്ടപ്രകാരമാണ് അവരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ;

(സി) ഇത് സംസബന്ധിച്ച് സംസ്ഥാനത്ത് ബാധകമാക്കിയ സ്പെഷ്യൽ റൂൾസിൽ എന്തൊക്കെ മാനദണ്ഡങ്ങളാണുള്ളത് ;

(ഡി) രാജ്യത്ത് പൊതുവായി നിലവിലുള്ള നിയമനരീതി സംസ്ഥാനത്ത് മാറ്റിമറിച്ചത് എന്തിനാണ് എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികക്ക് അപേക്ഷിക്കേണ്ട ഉയർന്ന പ്രായപരിധി എത്രയാണ് ; ഉയർന്ന പ്രായപരിധി കുറച്ചത് കാരണം കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാൻ സാധിക്കുകയില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തികയുടെ തിരഞ്ഞെടുപ്പിൽ വരുത്തിയ മാറ്റം പുന:പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

റെയ്ഞ്ചാഫീസര്‍ തസ്തികയിലെ നിയമനം

6343 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2000-01 കാലത്തെ എഫ്. റ്റി. ആര്‍. ക്വാട്ടയുമായി ബന്ധപ്പെട്ട നിയമനത്തിനെതിരെ നല്‍കിയ സുപ്രീംകോടതി വിധിയുടെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിധിയനുസരിച്ച് യോഗ്യരായവര്‍ക്ക് മുഴുവന്‍ നിയമനം നല്‍കിയിട്ടുണ്ടോ; അങ്ങനെ നിയമനം നല്‍കിയതുമൂലം ആരെയെങ്കിലും തരംതാഴ്ത്തുന്ന സാഹചര്യം വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സുപ്രീംകോടതി വിധിയിലെ നിശ്ചിത യോഗ്യത ഇല്ലാതെ നിയമനം നേടിയവരെ തരം താഴ്ത്തണമെന്ന ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കില്‍ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

താൽക്കാലിക വാച്ച്മാൻമാർ

6344 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനു കീഴിൽ എത്ര താൽക്കാലിക വാച്ച്മാൻമാർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് തുടർച്ചയായി ശമ്പളക്കുടിശ്ശിക വരുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ ഡിവിഷനിലും ശമ്പളക്കുടിശ്ശികയിനത്തിൽ എന്തു തുക നൽകുവാനുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുടിശ്ശിക വരുത്താതെ മാസം തോറും ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വനപാലകരുടെയും ഫോറസ്റ്റ് ജീവനക്കാരുടെയും
സേവനവേതന പരിഷ്ക്കരണം

6345 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ജീവനക്കാരുടെ സേവനവേതന പരിഷ്ക്കരണം സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വനപാലകർക്ക് കൂടുതൽ ആയുധങ്ങളും വാഹനസൗകര്യങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ</u>

6346 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനഭൂമി സ്വകാര്യ തോട്ടം ഉടമകൾ കൈവശം വച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട് ;

(ബി) അത്തരം കേസ്സുകളുടെ നടത്തിപ്പിന് സർക്കാർ പ്ലീഡർമാർക്കുപുറമേ വനം വകുപ്പ് പ്രത്യേക അഭിഭാഷകരെ നിയോഗിക്കാറുണ്ടോ ;

(സി) എങ്കിൽ എത്ര പേരെ വിവിധ കേസ്സുകൾക്കായി നിയോഗിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനംവകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

6347 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും കീഴ് കോടതികളിലുമായി നിലവിൽ എത്ര കേസ്സുകൾ ഉണ്ടെന്നും ഇതിൽ ഹൈക്കോടതിയിൽമാത്രം എത്ര കേസ്സുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഹൈക്കോടതിയിൽ ഏത് വർഷംമുതലുള്ള കേസ്സുകളാണ് ഉള്ളതെന്നും ഇതിൽ സർവ്വീസ് സംബന്ധമായ കേസ്സുകളുടേയും മറ്റു കേസ്സുകളുടെയും എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഫയൽ ചെയ്യേണ്ട രേഖകൾ കൃത്യസമയത്ത് ഫയൽ ചെയ്യാതെ കേസ്സുകൾ നീണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) മൂന്നുവർഷത്തിനുമുകളിൽ പഴക്കമുള്ള സർവ്വീസ് സംബന്ധമായ കേസ്സുകൾ എത്രയാണ്; ഇവ ഒരു പ്രത്യേക പാക്കേജായി എടുത്ത് തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ വംശനാശ ഭീഷണി</u>

6348 ശ്രീ. മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റവന്യൂ ഭൂമി റിസർവ്വ് വനമായോ, വന്യമൃഗ സങ്കേതമായോ മാറ്റിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വനമേഖലയിലെ ആവാസവ്യവസ്ഥയിലെ മാറ്റം വന്യമൃഗങ്ങളുടെ വംശനാശത്തിന് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) വന്യമൃഗ സെൻസസിൽ ഏതെല്ലാം വന്യമൃഗങ്ങൾക്ക് നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ആനപരിപാലന പരിശീലനപരിപാടി</u>

6349 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആനപരിപാലനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൊതുജനങ്ങൾക്കും/ബന്ധപ്പെട്ട തൊഴിലാളികൾക്കും അവബോധം ഉണ്ടാക്കുന്നതിലേക്കായി പരിശീലന പരിപാടികൾ നടത്തിയിരുന്നുവോ; എങ്കിൽ ഏതൊക്കെ ജില്ലയിൽ പദ്ധതി നടത്തിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പരിശീലന പരിപാടി കൊല്ലം ജില്ലയിൽ സംഘടിപ്പിക്കുന്നതിലേക്ക് ചുമതല നൽകിയിരുന്നത് ഏത് ഉദ്യോഗസ്ഥനാണ്;

(സി) പരിശീലന പരിപാടി ഏതെങ്കിലും പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ നടത്തിയത്; എങ്കിൽ ആയതിന്റെ മാർഗ്ഗരേഖകൾ എന്തൊക്കെയാണ്;

(ഡി) പരിശീലന പരിപാടിക്കായി സംസ്ഥാന സർക്കാരോ, മറ്റു സ്ഥാപനങ്ങളോ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഇ) എത്ര രൂപ ചെലവായതായി കണക്കാക്കിയിട്ടുണ്ടെന്നും, ആയതിന്റെ വിശദാംശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രാദേശികമായ വ്യക്തികളിൽനിന്നോ/സ്ഥാപനങ്ങളിൽനിന്നോ പണമോ, സാധന സാമഗ്രികളോ സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ജി) പരിശീലന പരിപാടിയുടെ ഒരു ഘട്ടത്തിലും ത്രിതല പഞ്ചായത്ത് പ്രതിനിധികളേയോ, നിയമസഭാ അംഗത്തെയോ പങ്കെടുപ്പിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിരുന്നുവോ; ഇല്ലായെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ നടപടികളെക്കുറിച്ച് അന്വേഷിക്കുവാൻ സന്നദ്ധമാകുമോ;

(എച്ച്) പരിശീലനപരിപാടിയെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുവാൻ അച്ചടിച്ച് നൽകിയ നോട്ടീസിന്റെ പകർപ്പും, വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്തരൂപവും നൽകുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ആനകൾക്ക് രജിസ്ട്രേഷൻ

6350 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടാനകളുടെ പരിപാലനം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;

(സി) ആനകൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന തീരുമാനം നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഉടുമ്പൻചോല ശാന്തൻപാറയിലെ കാട്ടാനശല്യം</u>

6351 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല ശാന്തൻപാറ ഭാഗത്ത് കാട്ടാനശല്യം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിനായി എന്തൊക്കെ സംവിധാനങ്ങൾ ആണ് നിലവിലുള്ളത് ;

(സി) നിലവിലുള്ള സംവിധാനങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കാട്ടുപന്നിയെ വെടിവെക്കാൻ ലഭിച്ച അപേക്ഷകൾ</u>

6352 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ വെടിവെക്കാൻ രേഖാമൂലം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് റെയ്ഞ്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഇത് പ്രകാരം എത്ര പന്നികളെ വെടിവച്ചിട്ടുണ്ട് ;

(സി) നിലവിലുളള ഉത്തരവ് വന്യജീവി നിയമത്തിന് കടകവിരുദ്ധമാണോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

‘സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി’

6353 ശ്രീ. വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി’യുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ബി) കായികക്ഷമത പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) പ്രസ്തുത സംവിധാനം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വിഷൻ ഇന്ത്യാ പ്രോജക്ട്</u>

6354 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ നടപ്പാക്കുന്ന വിഷൻ ഇന്ത്യാ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഏതൊക്കെ ഏജൻസിയുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്;

(സി) കഴിവ് തെളിയിക്കുന്ന കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകി അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിക്കാരാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>കായിക വികസന പദ്ധതികൾ</u>

6355 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വികസനത്തിന് സ്പോർട്സ് കൗൺസിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ സ്പോർട്സ് കൗൺസിൽ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി എടുക്കുമോ;

(സി) ക്ലബ്ബുകൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് കായിക വികസന പദ്ധതികൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) കളിക്കളങ്ങൾ, സ്റ്റേഡിയങ്ങൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ജി. വി. രാജാ അവാര്‍ഡു വിതരണം

6356 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ വച്ചു നടക്കുന്ന രണ്ടാമത്തെ ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങള്‍ ഏതുവരെയായിയെന്ന് വെളിപ്പെടുത്താമോ ;

(ബി) അതിനായുള്ള സ്റ്റേഡിയങ്ങളുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ഏതുവരെ ആയിയെന്ന് വ്യക്തമാക്കാമോ ;

(സി) കേരള സ്പോര്‍ട്സിന് അടിത്തറ പാകിയ കേണല്‍ ഗോദവര്‍മ്മ രാജയുടെ 102-ാം ജന്മദിനത്തോടനുബന്ധിച്ച് (ഒക്ടോബര്‍13) നല്‍കിവന്നിരുന്ന ജി. വി. രാജ അവാര്‍ഡുകള്‍ സമ്മാനിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

നാഷണൽ ഗെയിംസിനോടനുബന്ധിച്ചുള്ള വികസന പ്രവർത്തനങ്ങൾ

6357 ശ്രീ. മഞ്ഞളാംകുഴി അലി
,, കെ. എൻ. എ. ഖാദർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിനോടനുബന്ധിച്ച വികസന പ്രവർത്തനങ്ങളുടെ രൂപരേഖ തയാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നല്കാമോ ;

(ബി) അവയിൽ ഏതൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ; പ്രവർത്തനപുരോഗതി വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ ഏജൻസികളിലൂടെയാണ് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) റിവ്യു നടത്തി വികസന പ്രവർത്തനപുരോഗതി ഉറപ്പു വരുത്തുന്നുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ഇ) അതിനായി എന്തു തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട് ; അതിന്റെ വിനിയോഗ വിവരങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കായികവികസനത്തിന് സ്ഥലം ഏറ്റെടുക്കൽ</u>

6358 ശ്രീ. ബാബു എം. പാലിശ്ശേരി
'' എ. പ്രദീപ് കുമാർ
'' വി. ചെന്താമരാക്ഷൻ
'' ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കായിക വികസനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ രംഗത്തെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ പൊതുകളിക്കളങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് പൊതുകളിക്കളങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം

6359

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ കളിസ്ഥലങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(സി) കളിസ്ഥലങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തു സ്കൂളുകളിലെ കളിസ്ഥലങ്ങൾ</u>

6360 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സ്കൂളുകളുടെ കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഫുട്ബോൾ

6361 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവാക്കളിൽ ഫുട്ബോൾ കളിയോടുള്ള താല്പര്യം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നല്ല ഫുട്ബോൾ കളിക്കാരെ വളർത്തിയെടുക്കുന്നതിനും ഫുട്ബോൾ കളിക്ക് പ്രചാരം നൽകുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ;

(സി) ഫുട്ബോൾ കളിയിലേക്ക് സ്കൂൾ കുട്ടികളെ ആകർഷിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ടേബിൾ ടെന്നീസ് കളി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

6362 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടേബിൾ ടെന്നീസ് കളി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ കായിക മേളയിൽ വയനാട് ജില്ലയിലുള്ള ചെന്നലോട് യങ്ങ് സോൾജിയേഴ്സ് ടേബിൾ ടെന്നീസ് ക്ലബ്ബിന്റെ സംഭാവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ക്ലബ്ബിനെ ദേശീയ തലത്തിലുള്ള പരിശീലന കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്ന മറ്റ് പരിശീലന കേന്ദ്രങ്ങളിലെ കുട്ടികൾക്ക് നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ ഈ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്കൂള്‍ സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണം</u>

6363 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ സ്റ്റേഡിയങ്ങള്‍ പുനരുദ്ധരിക്കുവാന്‍ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ;

(സി) കായിക വിദ്യാഭ്യാസം സിലബസില്‍ ഉള്‍പ്പെടുത്തിയതിന്റെ ഭാഗമായി എല്ലാ സര്‍ക്കാര്‍ സ്കൂളുകളിലും സ്റ്റേഡിയങ്ങള്‍ പുനരുദ്ധരിക്കുന്നതിനാവശ്യമായ ധനസഹായം അനുവദിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കായിക സർവ്വകലാശാല</u>

6364 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വിദ്യാഭ്യാസ മുന്നേറ്റത്തിന് സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ഘടനയും മറ്റു വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) സർവ്വകലാശാലയുടെ ആസ്ഥാനവും വിവിധ സെന്ററുകളും എവിടെയെല്ലാമാണ് സ്ഥാപിക്കുക എന്ന് അറിയിക്കുമോ ;

(ഡി) കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>കളിക്കളങ്ങളുടെ നവീകരണം</u>

6365 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കളിക്കളങ്ങളുടെ വിശദവിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) കളിക്കളങ്ങളുടെ നവീകരണത്തിനും സംരക്ഷണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ;

(സി) മുഴുവൻ കളിക്കളങ്ങളും അളന്നു തിട്ടപ്പെടുത്തി അതിർത്തികളിൽ സർവ്വേകല്ലുകളും സംരക്ഷണ ഭിത്തിയും സ്ഥാപിക്കുമോ;

(ഡി) കളിക്കളങ്ങൾ പുനരുദ്ധരിക്കുവാൻ ഏതെല്ലാം ഏജൻസികളുടെ പദ്ധതികൾ നിലവിലുണ്ട്;

(ഇ) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കളിക്കളങ്ങൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) വിവിധ സ്ഥാപനങ്ങളുടേയും സംഘടനകളുടെയും സഹകരണത്തോടെ വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് കൗൺസിൽ പദ്ധതികൾക്കുള്ള ധനസഹായം</u>

6366 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ നടപ്പാക്കാൻ തീരുമാനിച്ചതും ജില്ലാ സ്പോർട്സ് കൗൺസിൽ മുഖാന്തിരം നടപ്പാക്കി വരുന്നതുമായ പദ്ധതികൾക്കുള്ള ധനസഹായം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(സി) സാമ്പത്തികസഹായം അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ബിയ്യം കായലിൽ വാട്ടർ സ്പോർട്ട്സ്

6367 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ ബിയ്യം കായലിൽ വാട്ടർ സ്പോർട്ട്സ് തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പദ്ധതി എന്ന് നടപ്പാക്കാനാകും ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ സ്പോർട്സ് സ്റ്റേഡിയം</u>

6368 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിൽ അന്തർദേശീയ നിലവാരത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ സ്പോർട്സ് സ്റ്റേഡിയം അടിയന്തിരമായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>മഞ്ചേശ്വരത്ത് കബഡി അക്കാഡമി</u>

6369 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് കബഡി അക്കാഡമി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അക്കാഡമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 6 ലക്ഷം രൂപ അനുവദിക്കുന്നതിന് സ്പോർട്സ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) അക്കാഡമിയുടെ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വയക്കര ഗവ: എച്ച്.എസ്.എസ്. ലെ കായിക പരിശീലന സൗകര്യങ്ങൾ</u>

6370 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യന്നൂർ മണ്ഡലത്തിൽ ഹാൻഡ്ബോൾ രംഗത്ത് ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ വയക്കര ഗവ: ഹയർ സെക്കന്ററി സ്കൂളിൽ പരിശീലനത്തിനുള്ള ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സ്പോർട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളിലെ കായിക പരിശീലനത്തിനുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനു എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തൈക്കാട്ടുശ്ശേരി എസ്.എം.ജെ.എച്ച്.എസ്., അരൂക്കുറ്റി ഗവൺമെന്റ് യു.പി.എസ്. എന്നിവിടങ്ങളിലെ കളിസ്ഥലം</u>

6371 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി എസ്.എം.ജെ.എച്ച്. എസ്.-നോടനുബന്ധിച്ച് സ്പോർട്ട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) അരൂക്കുറ്റി ഗവൺമെന്റ് യു.പി. സ്കൂളിൽ സ്പോർട്ട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(സി) ഇതിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) പൈക്കയിലോ സ്പോർട്ട്സ് വകുപ്പിന്റെ മറ്റേതെങ്കിലും സ്കീമിലോ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് കൗൺസിലിലെ നിയമനം</u>

6372 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിൽ മിനിസ്റ്റീരിയൽ സ്റ്റാഫും പരിശീലകരും ഉൾപ്പെടെ ആകെ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ബി) അവർക്ക് ഏതുമാസം വരെയുള്ള ശമ്പളമാണ് വിതരണം ചെയ്തിട്ടുള്ളത്;

(സി) സെപ്തംബർ മാസത്തിലെ ശമ്പളം വിതരണം ചെയ്യാത്തതെന്തുകൊണ്ടാണ്;

(ഡി) ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് എത്രപേരെയാണ് പുതിയതായി നിയമിച്ചത്:

(ഇ) നിയമാനുസൃതം ജോലി ലഭിച്ച ഇവർക്ക് നൽകിവന്നിരുന്ന ശമ്പളം എന്തുകൊണ്ടാണ് നിർത്തിവച്ചത് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തതു സംബന്ധിച്ച്</u>

6373 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കാമോ;

(സി) ജില്ലാ കൗൺസിൽ പ്രസിഡണ്ടുമാർക്ക് 4 മാസമായി യാത്രാബത്ത നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽക്കാര്യങ്ങളിൽ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ</u>

6374

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സെൻട്രലൈസ്ഡ് സ്പോർ ട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ ഭക്ഷണത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഭക്ഷണത്തിന് ആവശ്യമായ സംവിധാനത്തിന്റെ അഭാവം മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഹോസ്റ്റലുകളിലെ ജീവനക്കാർക്ക് ശമ്പളം കുടിശ്ശികയില്ലാതെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

തിയേറ്റർ കോംപ്ലക്സുകൾ തുടങ്ങുവാൻ നടപടി

6375 ശ്രീ. ഹൈബി ഈഡൻ
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷൻ തിയേറ്റർ കോംപ്ലക്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോംപ്ലക്സുകൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നത് ;

(സി) ഇതിനായി സ്ഥലങ്ങൾ കണ്ടത്തിയിട്ടുണ്ടോ ;

(ഡി) അതിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ചലചിത്ര വികസന കോർപ്പറേഷൻ നടപ്പാക്കുന്ന
പുതിയ പദ്ധതികൾ

6376 ശ്രീ. ഷാഫി പറമ്പിൽ
,, പാലോട് രവി
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷൻ സിനിമാ മേഖലയുടെ വികസനത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഈ മേഖലയുടെ വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതികൾ എന്നു മുതൽ പ്രാവർത്തികമാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഫിലിം സിറ്റി</u>

6377 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷൻ ഒരു ഫിലിം സിറ്റി തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എവിടെയാണ് ഇത് തുടങ്ങാനുദ്ദേശിക്കുന്നത് ;

(സി) ഇതിനുള്ള സ്ഥലത്തിന്റെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ ;

(ഡി) നിർമ്മാണത്തിനുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തിയേറ്ററുകളുടെ ആധുനികവത്ക്കരണം</u>

6378 ശ്രീ. എം.എ. വാഹീദ്
,, അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ ആധുനികവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഡി.റ്റി.എസ്., ക്യൂബ് എന്നീ സാങ്കേതിക വിദ്യകളോടെ തിയേറ്ററുകളെ റിലീസിംഗ് കേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം പരിഗണിക്കുമോ;

(സി) ആധുനികവത്ക്കരണം എന്നു പൂർത്തിയാക്കാനാകും?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മലയാള സിനിമ അന്തർദേശീയ തലത്തിൽ മികവുറ്റതാക്കാൻ നടപടി</u>

6379 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമയെ രക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) അന്തർദേശീയ തലത്തിൽ മലയാള സിനിമ കൂടുതൽ മികവുറ്റതാക്കുവാൻ എന്തൊക്കെ കർമ്മപദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സിനിമാ ഷൂട്ടിംഗിനും മറ്റ് അനുബന്ധജോലികൾക്കും കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തീയേറ്ററുകളുടെ ആധുനികവൽക്കരണം</u>

6380 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

നഗരങ്ങളിലെ സിനിമാ തീയേറ്ററുകൾ ആധുനികവൽക്കരിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മിനി അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങൾ</u>

6381 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മാതൃകയിൽ സംസ്ഥാനത്ത് മിനി അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം</u>

6382 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാദമിയുടേയും, ചലച്ചിത്ര വികസന കോർപ്പറേഷന്റെയും അടുത്ത ഒരു വർഷത്തെ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അന്തരിച്ച പ്രശസ്ത നടനായ ഒടുവിൽ ഉണ്ണികൃഷ്ണന്റെ സ്മരണക്കായി അദ്ദേഹത്തിന്റെ ജന്മനാടായ കേരളശ്ശേരിയിലുള്ള ഒടുവിൽ ഫൗണ്ടേഷനുമായി ചേർന്ന് സ്മാരകം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഒടുവിൽ സ്മാരക നിർമ്മാണത്തിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?